**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2001** **16-03-2022 - ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | null<br>(മുഖ്യമന്ത്രി) | |
| (എ) | ഗ്രാമീണ മേഖലയിലെ യുവാക്കൾക്ക് സ്വയം തൊഴിൽ സാധ്യത ഉറപ്പുവരുത്തുന്നതിനായി പുതിയ സ്റ്റാർട്ട് അപ്പുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, പ്രൊഫഷണൽ കോളേജുകൾ തുടങ്ങിയവയിലായി 341 ഇന്നവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററു (IEDC) കൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. ഗ്രാമീണ മേഖല ഉൾപ്പെടെയുള്ള വിവിധ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഈ സെന്ററുകളാണ് പ്രാദേശികമായി സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. |
| (ബി) | സ്റ്റാർട്ട്അപ്പുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പരിശീലന പരിപാടികൾ ഗ്രാമീണ തലത്തിൽ സംഘടിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ എന്നറിയിക്കാമോ? | (ബി) | IEDC കളിലൂടെ കേരളാ സ്റ്റാർട്ടപ്പ് മിഷൻ നേരിട്ടും സാമൂഹിക പങ്കാളികൾ വഴിയും വിവിധ ഹാക്കത്തോണുകൾ, ബൂട്ട് ക്യാംപുകൾ, ഇന്നവേഷൻ ചലഞ്ചുകൾ, വിവിധ പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ